പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3356 | 14.03.2018 ൽ മറുപടിക്ക്

## മെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങൾ

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്ന സ്റ്റാൻഡേർഡൈസേഷൻ കമ്മിറ്റിയുടെ സർക്കാർ അംഗീകരിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ), (ബി) & (സി) | സംസ്ഥാനം ആരോഗ്യരംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സമയബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യമേഖലയെ പുനസംഘടിപ്പിക്കുവാനും പ്രാഥമിക ചികിത്സാരംഗത്ത് മുൻഗണന നൽകുന്നതിനായി ആർദ്രം പദ്ധതിയിലൂടെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിച്ച് അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രി എന്ന അടിസ്ഥാനത്തിൽ വിവിധ ആശുപത്രികളെ തെരെഞ്ഞെടുത്ത് ഇവിടെയെല്ലാം മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളും ആവശ്യമായ തസ്തികയും സൃഷ്ടിക്കുക എന്നതാണ് ഇപ്പോൾ സർക്കാർ നടപ്പിലാക്കി വരുന്നത്. ആർദ്രം പദ്ധതി പൂർണ്ണ രൂപത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നതോടെ സംസ്ഥാനത്തെ എല്ലാ ആശുപത്രികളും നിശ്ചിത നിലവാരമുള്ളവയാകുമെന്ന് കരുതുന്നു. |
| (ബി) | സംസ്ഥാന സർക്കാരിന്റെ സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങളുമായി ആശുപത്രികളുടെ തൽസ്ഥിതി തിരിച്ചറിയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | |
| (സി) | ആരോഗ്യസ്ഥാപനങ്ങളിൽ സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങൾ കൈവരിക്കുന്നതിന് സമയക്രമം പരാമർശിക്കപ്പെടുന്ന ഒരു ദീർഘവീക്ഷണ പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ